**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 208** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യപരിശോധനയുമായി ബന്ധപ്പെട്ട എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സഞ്ചരിക്കുന്ന ലാബുകൾ ഏതൊക്കെ ജില്ലയിലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും, കൂടാതെ 14 ജില്ലകളിലുമായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 2 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും ഉൾപ്പെടെ ആകെ 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഉൾപ്പെടുന്ന സംവിധാനം നിലവിലുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രെഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബ് നിലവിലുണ്ട്. കണ്ണൂർ ജില്ല കേന്ദ്രീകരിച്ച് ഒരു റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തിച്ച് വരുന്നു. കൂടാതെ 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ (Food Safety on Wheels) പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ